(എഫ്) പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിനും, വികസനത്തിനുമായി തിരുവനന്തപുരം നോർത്ത് എം. എൽ. എ. ശ്രീ. കെ. മോഹൻകുമാറിന്റെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, ടിക്കറ്റ് കൗണ്ടർ, യാത്രക്കാർക്കുള്ള വിശ്രമ കേന്ദ്രം, ടോയ്ലറ്റ് (കാശ് കൊടുത്ത് ഉപയോഗിക്കുന്നത്) മുതലായവ ഉൾക്കൊള്ളുന്ന ഇരുനില കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനം എടുക്കുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ജി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) ട്രാഫിക് പോലീസിന്റെ നിർദ്ദേശം അനുസരിച്ച് തിരുമല ഭാഗത്തേയ്ക്കുള്ള ബസ്സുകളുടെ സ്റ്റോപ്പ് സ്റ്റാച്ച്യൂ കഴിഞ്ഞാൽ എൽ.എം.എസ്.ന്റെ സമീപം ആണ് നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ടയറുകളും സ്പെയർപാർട്സുകളും ലഭ്യമാക്കുന്നതിന് നടപടി

86 (4246) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന് പാലക്കാട് ഡിപ്പോയിൽ നിന്നും ആവശ്യമായ ടയറുകളും മറ്റ് അനുബന്ധ സ്പെയർ പാർട്സുകളും ലഭിക്കാൻ കാലതാമസമുണ്ടാകുന്ന കാരണത്താൽ ഇവിടെ നിന്നുള്ള പല ഷെഡ്യൂളുകളും മുടങ്ങുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്പെയർപാർട്സുകളും ടയറുകളും മണ്ണാർക്കാട് ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല്.

(ബി) മണ്ണാർക്കാട് ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് സ്പെയർപാർട്സുകൾ നേരിട്ട് എത്തിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

(സി) മണ്ണാർക്കാട് ഓപ്പറേറ്റിംഗ് സെന്ററിൽ ഇതിനുള്ള സ്റ്റോർ സംവിധാനമില്ല.

(ഡി & ഇ) പാലക്കാട് ഡി.റ്റി.ഒ. യ്ക്ക് ഉചിതമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly